നമ്പർ 56/2009

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, ദേശത്ത് പട്ടക്കാരും, പള്ളി കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരേ,

വളരെ ദുഖത്തോടും, ഹൃദയവേദനയോടും കൂടിയാണ് നാം ഇതെഴുതുന്നത്. കർത്താവിൽ നമ്മുടെ സഹോദരൻ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായുടെ ദേഹവിയോഗം പ. സഭയ്ക്ക് ഒരു വലിയ നഷ്ടമായി നാം കാണുന്നു.

മലങ്കര സഭയുടെ സൂര്യ തേജസ്സായിരുന്ന പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ വാത്സല്യ ശിഷ്യത്വം സ്വീകരിച്ച് സഭാ സേവനത്തിനായി ഇറങ്ങിത്തിരിച്ച് പ. സഭയുടെ നേതൃത്വ നിരയിലേക്ക് വരികയും, എപ്പിസ്കോപ്പായുടെ കൃപാവരങ്ങൾ പ്രാപിച്ച് കൊല്ലം മെത്രാസനത്തിന്റെ മെത്രാപ്പോലീത്തയായി ഭരണസാരഥ്യം ഏറ്റെടുക്കുകയും ചെയ്ത മാത്യൂസ് മാർ എപ്പിഫാനിയോസ് പിതാവിന്റെ സേവനം മെത്രാസനത്തിനു മാത്രമല്ല, പ. സഭയ്ക്കാകമാനവും അഭിമാനകരവും പ്രയോജനപ്രദവുമായിരുന്നു എന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം. തന്നെ ഏൽപ്പിച്ച എല്ലാ ചുമതലകളും ശാന്തതയോടെയും സൗമ്യമായും ഒരു അസാധാരണ സിദ്ധിവിശേഷത്തോടെ നിർവ്വഹിച്ച ഒരു പിതാവായിരുന്നു അഭിവന്ദ്യ മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ. അഭിവന്ദ്യ മാത്യൂസ് മാർ കൂറിലോസ് പിതാവിന്റെ സഹായി എന്ന നിലയിലും, തുടർന്ന് കൊല്ലം മെത്രാസത്തിന്റെ മുഖ്യ അമരക്കാരൻ എന്ന നിലയിലും മെത്രാസനത്തെ മുന്നോട്ട് നയിച്ച അദ്ദേഹം അനുകരണീയമായ പല മാതൃകകളും നമുക്ക് പകർന്ന് നൽകി. പ. സഭയുടേയും, സമൂഹത്തിന്റെയും ഉന്നമനത്തിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. സ്വർഗീയ മഹോന്നതങ്ങളിൽ വിശുദ്ധ മാലാഖാമാരോടും, പൂർവ്വ പിതാക്കന്മാരോടുമൊപ്പം ഈ പിതാവ് ദൈവസന്നിധിയിൽ നമുക്കുവേണ്ടി മദ്ധ്യസ്ഥത അണയ്ക്കും.

(മറുപുറം)

വാൽസല്യ മക്കളേ,

കൊല്ലം മെത്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയിട്ടായിരുന്നുവല്ലോ അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് പിതാവ് ചുമതല നിർവ്വഹിച്ചുവന്നിരുന്നത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിലൂടെ ആ സ്ഥാനം ഒഴിഞ്ഞു കിടക്കുകയാണ്. ആയതിനാൽ മലങ്കര സഭാ ഭരണഘടന 95-ാം വകുപ്പ് പ്രകാരം കൊല്ലം മെത്രാസനത്തിന്റെ ഭരണം മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ നാം ഏറ്റെടുത്തിരിക്കുന്ന വിവരം ഈ കൽപ്പനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു. മെത്രാസന ഭരണകാര്യത്തിൽ നമ്മുടെ അസിസ്റ്റന്റും പിൻഗാമിയുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭി. പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ നമ്മെ സഹായിക്കുന്നതാണ്.

അഭി. മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി വന്നിരുന്ന സംരംഭങ്ങൾ ഭംഗിയായി മുന്നോട്ട് കൊണ്ടുപോകുന്നതിന് കൊല്ലം മെത്രാസനവും, സഭാമക്കൾ ഏവരും ഉത്സാഹപൂർവ്വം നമ്മോടു ചേർന്ന് പ്രവർത്തിക്കണം. ഈ പിതാവിന്റെ സ്വപ്നങ്ങൾ പൂവണിയിക്കേണ്ട ചുമതല, മക്കളേ, നമ്മുടേതാണ്. ആ നിലയിൽ അദ്ദേഹത്തോടുള്ള കടമ നമുക്ക് നിർവ്വഹിക്കാം. സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനത്താൽ നിങ്ങൾ ഏവരുടെയും ഹൃദയങ്ങളെ ദൈവം തമ്പുരാൻ നിറയ്ക്കട്ടെ!

ശേഷം പിന്നാലെ,

സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് നമ്മുടെ ദൈവമാതാവായ പ. കന്യക മറിയം അമ്മയുടെയും, ഇന്ത്യയുടെ കാവൽ പിതാവായ മാർതോമ്മാ ശ്ലീഹായുടെയും നമ്മുടെ പ. പിതാക്കന്മാരായ മാർ ഗ്രീഗോറിയോസിന്റെയും, മാർ ദീവന്നാസ്യോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ ..............................................



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ**

2009 ഫെബ്രുവരി മാസം 9 -ാം തീയതി

കോട്ടയം കാതോലിക്കേറ്റ്

അരമനയിൽ നിന്നും